പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1363 02.05.2017-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി.യിൽ സ്മാർട്ട് കാർഡ് സംവിധാനം


ചോദ്യം

ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്

ഉത്തരം

ശ്രീ. തോമസ് ചാണ്ടി

(ഗതാഗത വകുപ്പ് മന്ത്രി)


| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യിൽ സ്മാർട്ട് കാർഡ് സംവിധാനം നിലവിൽ വന്നിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദവിവരം ലഭ്യമാക്കുമോ; എന്ന് മുതലാണ് ഇവ പ്രബല്യത്തിലായിത്തുടങ്ങിയത്; | (എ) | കെ.എസ്.ആർ.ടി.സി.യിൽ സ്മാർട്ട് കാർഡ് സംവിധാനം നിലവിൽ വന്നിട്ടില്ല. എന്നാൽ 24.01.2017 മുതൽ ട്രാവൽ കാർഡ് സംവിധാനം കെ.എസ്.ആർ.ടി.സി.യിൽ നടപ്പിലാക്കിയിട്ടുണ്ട്. നാലുതരം ട്രാവൽ കാർഡുകൾ നിലവിലുണ്ട്. നാളിതുവരെ 10234 കാർഡുകൾ വിറ്റതുവഴി 1,44,87,500/- രൂപ വരുമാനം ലഭിച്ചിട്ടുണ്ട്. |
| (ബി) | ഈ കാർഡിന്റെ ആദ്യഘട്ടത്തിൽ ലഭിക്കുന്ന തുക കൊണ്ട് കെ.എസ്.ആർ.ടി.സി.യുടെ എന്തെല്ലാം സാമ്പത്തിക ബാധ്യതകൾ തീർക്കാനാകുമെന്നാണ് കരുതുന്നത്; | (ബി) | കെ.എസ്.ആർ.ടി.സി.യുടെ സാമ്പത്തിക ബാധ്യതകൾ തീർക്കത്തക്കതരത്തിൽ വരുമാനം ലഭ്യമായിട്ടില്ല. |
| (സി) | സ്ഥിരമായി കെ.എസ്.ആർ.ടി.സി. ബസ്സിൽ യാത്ര ചെയ്യുന്നവർ ഈ കാർഡുകളെടുക്കുകയാണെങ്കിൽ കെ.എസ്.ആർ.ടി.സി.യുടെ പ്രതിദിന വരുമാനത്തിൽ വൻ ഇടിവ് ഉണ്ടാകുമെന്ന് കരുതുന്നുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ? | (സി) | കൂടുതൽ യാത്രക്കാരെ കെ.എസ്.ആർ.ടി.സി ബസ്സുകളിലേക്ക് ആകർഷിക്കുവാൻ പരീക്ഷണാടിസ്ഥാനത്തിലാണ് പ്രതിമാസ ട്രാവൽ കാർഡ് സംവിധാനം നടപ്പിലാക്കിയത്. ഇത് വഴി വരുമാനത്തിൽ വലിയ ഇടിവ് ഉണ്ടാകുമെന്ന് കരുതുന്നില്ല. |

സെക്ഷൻ ഓഫീസർ